**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.745    05.02.2020 -ലെ മറുപടിക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ വെൺപകൽ ഭാസ്കർ നഗർ കോളനിയിൽ 2019 ഡിസംബർ വരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഭാസ്കർ നഗർ കോളനിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>1. റോഡ് കോൺക്രീറ്റിംഗ്<br>2. സംരക്ഷണഭിത്തി<br>3. ഭവന പുന:രുദ്ധാരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 9 വീടുകളിൽ 2 എണ്ണം പൂർത്തീകരിച്ചു.<br>**<u>പൂർത്തീകരിക്കാത്ത പ്രവൃത്തികൾ</u>**<br>അംഗൻവാടി, ലൈബ്രറി എന്നിവ ഉൾപ്പെടുന്ന കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്ത് അധികൃതരിൽ നിന്നും വിട്ടു ലഭിക്കാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നു. |
| (ബി) | ഏതു വർഷത്തിൽ ആണ് പ്രവൃത്തികൾ നടത്തുന്നതിനു നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയതു എന്ന് വ്യക്തമാക്കാമോ; | (ബി) | 2017-ൽ ആണ് പ്രസ്തുത കോളനിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയത്. |
| (സി) | ഭാസ്കർ നഗർ കോളനിയുടെ മുഴുവൻ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ? | (സി) | നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ട അംഗൻവാടി, ലൈബ്രറി എന്നിവ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ ഫൗണ്ടേഷൻ എർത്ത് വർക്ക് ജോലികൾ ആരംഭിച്ചിരുന്നു. എന്നാൽ, വഴി സംബന്ധമായ തർക്കംമൂലം സമീപവാസികൾ പ്രവൃത്തികൾ നിർത്തി വയ്ക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിർമ്മാണം തുടങ്ങുന്നതിനായി സ്ഥലം കൃത്യമായി രേഖപ്പെടുത്തി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ